II ഇ.ബി. XII കേരള നിയമസഭ/ VIII-8

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂലായ് 2, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

23(*211) പച്ചക്കറിക്കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് തറവില.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകൾ പച്ചക്കറി കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് തറവില പ്രഖ്യാപിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 18 ഇനം പച്ചക്കറികൾക്കാണ് തറവില നിശ്ചയിച്ചിട്ടുള്ളത്. ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലൂടെ കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് പഞ്ചായത്തുകളിൽ പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിക്കുകയുണ്ടായി. കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നത്തിന് വിപണിയും മെച്ചപ്പെട്ട വിലയും ഉറപ്പാക്കേണ്ടത് ആവശ്യമായി വരികയും ജൈവ പച്ചക്കറി കൃഷി വഴി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കേണ്ടിയും വന്നു. ഈ സാഹചര്യത്തിൽ മാർക്കറ്റ് വിലയ്ക്ക് പച്ചക്കറി സംഭരിച്ച് വിപണനം നടത്താൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരി

ച്ചിട്ടുളള ഡെവലപ്മെന്റ് സൊസൈറ്റികൾ തീരുമാനിച്ചു. കർഷകർക്ക് ഉൽപ്പാദന ചെലവിനോടൊപ്പം കുറഞ്ഞത് 20 ശതമാനം ലാഭം ഉറപ്പാക്കി തറവിലയും നിശ്ചയിച്ചു. ഇതുമൂലം പി.ഡി.എസ്സിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് നികത്തുന്നതിന് മറ്റ് വിപണനത്തിലൂടെ ലഭിക്കുന്ന ലാഭം ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. തറവില പ്രഖ്യാപിച്ചതിനു ശേഷം വഴുതന, കോവൽ എന്നീ രണ്ടിനം പച്ചക്കറികൾക്ക് മാത്രമാണ് തറവിലയേക്കാൾ പൊതുവിപണിയിലെ വില കുറഞ്ഞത്. ഇപ്പോൾ എല്ലാ ഇനം പച്ചക്കറികൾക്കും തറവിലയേക്കാൾ ഉയർന്ന വിലയാണ് കർഷകർക്ക് ലഭിക്കുന്നത്. 19-5-2008 മുതലാണ് തറവില നിലവിൽ വന്നത്. അതിനുശേഷം കഞ്ഞിക്കുഴി പഞ്ചായത്തിൽ 300 കർഷകർക്കും മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ 316 കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് എന്നീ പഞ്ചായത്തുകളിലെ കൃഷിക്കാർ കാണിച്ചിട്ടുളള മാതൃക മറ്റു പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ശ്രമിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറി ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാനുളള ശ്രമമാണ് നടത്തുന്നത്. രാസവള പ്രയോഗം കുറവായതിനാൽ ഓർഗാനിക് ഉൽപ്പന്നങ്ങൾക്ക് അൽപ്പം വില കൂടുതലാണെങ്കിലും ഡിമാൻഡുണ്ട്. ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിലൂടെ രാസവളപ്രയോഗം പരാജയപ്പെടുത്താൻ ഒരു പരിധി വരെ സാധിക്കും. കാർഷികമേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി കാർഷികോൽപ്പാദന രംഗത്ത് 40 ശതമാനത്തോളം ഫണ്ട് വിനിയോഗി

ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. അത്തരത്തിൽ നെല്ല്, പച്ചക്കറി, ക്ഷീരം എന്നിവയുടെ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പച്ചക്കറിയോടൊപ്പം നെല്ല്, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് അതാതു പഞ്ചായത്തുകൾക്ക് അവിടത്തെ സ്ഥിതി മനസ്സിലാക്കി ന്യായവില നിശ്ചയിക്കാനുള്ള അവകാശമുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുവേണ്ടി മാസ ചന്തകൾ മിക്കവാറും പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. അവയിലൂടെ കാർഷികോൽപ്പന്നങ്ങളും വിൽപ്പന നടത്താനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്. ഓരോ പ്രദേശത്തും ഉൽപ്പാദന ഘട്ടത്തിൽ തന്നെ അവയുടെ മാർക്കറ്റിംഗ് കൂടി പരിഗണിച്ചില്ലെങ്കിൽ പച്ചക്കറികൾ നശിക്കുന്ന അവസ്ഥ ഉണ്ടാകും. അവ സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി പഞ്ചായത്തുകൾ മുന്നോട്ടുവന്നാൽ ഗവണ്മെന്റ് വേണ്ട സഹായം ചെയ്യുന്നതാണ്. മാർക്കറ്റിലെത്തുന്ന പച്ചക്കറികൾ അതാത് സമയം വിറ്റുപോകാതെ നശിച്ചുപോകുന്ന അവസ്ഥ പരിഹരിക്കാനായി അവ പ്രിസർവ് ചെയ്ത് സൂക്ഷിക്കുന്നതിനും ഹരിതാ സ്റ്റാളുകൾ മുഖേന വാങ്ങിക്കുന്നതിനുമുള്ള സാധ്യത കൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള സ്കീമുകൾ ഏകോപിപ്പിച്ചാണ് പച്ചക്കറിയുൽപ്പാദനം വിപുലീകരിച്ചുകൊണ്ടിരിക്കുന്നതെന്നും കൂടുതൽ പച്ചക്കറി സൂക്ഷിക്കാനായി കുടുംബശ്രീ യൂണിറ്റുകളുമായോ അല്ലെങ്കിൽ സഹകരണസംഘങ്ങളുമായോ ബന്ധപ്പെടുത്തി കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ സ്കീം ഉണ്ടാക്കി അതിന് കൂടുതൽ പണം ലഭ്യമാക്കുന്നതാണെന്ന് ഒരു ഉപ

ചോദ്യത്തിനുത്തരമായി ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കി. കഴിഞ്ഞ വർഷം 55,000 ഏക്കർ തരിശുഭൂമിയിൽ പുതിയതായി കുടുംബശ്രീ യൂണിറ്റുകൾ പച്ചക്കറികൃഷി ചെയ്തു. ഇത്തവണ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കിത്തീർക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഓരോ വാർഡിലും ചുരുങ്ങിയത് രണ്ടു പച്ചക്കറി തോട്ടമെങ്കിലുമുണ്ടാകണമെന്നുള്ള രീതിയിലാണ് മുന്നോട്ടുപോകുന്നത്. പട്ടണപ്രദേശങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആശാവഹമായ പ്രവർത്തനമാണ് കുടുംബശ്രീ യൂണിറ്റുകൾ കാഴ്ച വയ്ക്കുന്നത്. കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭ്യമാകുന്ന തുക വിനിയോഗിക്കുന്നതു സംബന്ധിച്ച് ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായി യെങ്കിലും പരിശോധനയിൽ ആ വീഴ്ച പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കരാറുകാരുടെ ചൂഷണത്തിൽ നിന്ന് പച്ചക്കറി കൃഷിക്കാരെ രക്ഷിക്കാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. സർക്കാർ സ്ഥാപനങ്ങളുടേയും പൊതുമേഖലാസ്ഥാപനങ്ങളുടെയും പരിസര ത്തുള്ള ഉപയോഗശൂന്യമായസ്ഥലം കൃഷിക്കനുയോജ്യമാണെങ്കിൽ അതാതു പഞ്ചായത്തുകൾ അവ പ്രയോജനപ്പെടുത്തേണ്ടതാണ്. തമിഴ്നാട്ടിൽ നിന്ന് ഗുണമേന്മയില്ലാത്ത വിത്തിനങ്ങൾ ഏജന്റുമാർ മുഖേന കുടുംബശ്രീ യൂണി റ്റുകൾക്കും കൃഷിഭവനുകൾക്കും നൽകുന്നതു സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തര മായി മന്ത്രി വ്യക്തമാക്കി.

24 (*212) <u>ബസ് ചാർജ്ജ് വർധന.</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി തോമസ്) നൽകിയ മറുപടിയിൽ, ബസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന് കെ. എസ്.ആർ.ടി.സി. ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ശരാശരി 10.50 ശതമാനം വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. സ്വകാര്യ ബസ്സുടമകളും ചാർജ്ജ് വർദ്ധന ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്. ആർ.ടി.സി. കൂടുതൽ സർവ്വീസുകളും നടത്തുന്നത് ട്രെയിൻ സർവ്വീസ് സൗകര്യമില്ലാത്ത പ്രദേശങ്ങളിലാണ്. ബസ് യാത്രക്കാർക്ക് ആവശ്യമുള്ള സ്ഥലത്തു നിന്നും ആവശ്യമുള്ള സമയത്ത് ബസ്സിൽ കയറാനും ആവശ്യ മുള്ള സ്ഥലത്തിറങ്ങാനും കഴിയുമെന്നതാണ് ബസ് യാത്ര കൊണ്ടുള്ള സൗകര്യം. ഈ സൗകര്യമുള്ളതുകാരണം ബസ് യാത്രയ്ക്ക് ചാർജ്ജ് കൂടുതൽ എന്ന കാരണത്താൽ യാത്രക്കാർ കുറയാറില്ലെന്നാണ് മുമ്പ് നടന്ന ചാർജ്ജ് വർദ്ധനയുടെ കാലത്തുള്ള അനുഭവങ്ങളിൽ നിന്നും മനസ്സിലാ കുന്നത്. സ്ളീപ്പർ ക്ളാസ്സിനും താഴെയുള്ള കോച്ചുകളിൽ മാത്രമാണ് കെ.എസ്.ആർ.ടി.സി. ചാർജ്ജിനേക്കാൾ കുറഞ്ഞ യാത്രക്കൂലി റെയിൽവേ ഈടാക്കുന്നത്. വർദ്ധിച്ച പ്രവർത്തന ചെലവ് കണക്കിലെടുത്തും കെ.എസ്. ആർ.ടി.സി.-യുടെ നിലനിൽപ്പ് അപകടത്തിലാകാതിരിക്കുകയും ചെയ്യുന്ന തരത്തിലുള്ള നിരക്ക് പരിഷ്ക്കരണമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ചാർജ്ജ് വർദ്ധന ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. ഉന്നയിച്ചിരിക്കുന്ന കാരണങ്ങളും സ്വകാര്യ ബസ്സുടമകൾ ഉന്നയിച്ചിരിക്കുന്ന കാരണങ്ങളും പൊതുജനങ്ങളുടെ താൽപ്പര്യങ്ങളും പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം എടുക്കുന്ന താണ്. 25-11-05-ലാണ് കഴിഞ്ഞ ചാർജ്ജ് വർദ്ധനവുണ്ടായത്. അതിനു

ശേഷം ഡീസൽ, സ്പെയർപാർട്ട്സ്, ലൂബ്രിക്കന്റ്സ്, എന്നിവയുടെ വില കൂടിയതിന്റെ ഫലമായി ഒരു മാസം കെ.എസ്.ആർ.ടി.സി.-ക്ക് ചെലവിനത്തിൽ 8.5 കോടി രൂപയുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ബസ്ചാർജ്ജ് വർദ്ധന അനിവാര്യമാണ്. നാട്പാക് നടത്തിയ പഠനത്തിന്റെ ഭാഗമായുള്ള പ്രൈസ് ഇൻഡക്സ് ഫോർ സ്റ്റേജ് കാര്യേജ് ഓപ്പറേഷൻസ്-ന്റെ നിരക്കു കൂടി പരിശോധിച്ചുകൊണ്ട് മാത്രമേ നിരക്ക് വർദ്ധന നടപ്പാക്കുകയുള്ളൂ. വിദ്യാർത്ഥികൾക്കുള്ള ചാർജ്ജ് വർദ്ധന സംബന്ധിച്ച് ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികൾക്കുള്ള നിരക്ക് കൂട്ടണമെന്നുള്ള സ്വകാര്യ ബസ്സുടമകളുടെ നിർദ്ദേശം പരിഗണിക്കേണ്ട ഒരു വിഷയമാണെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം. സ്വകാര്യ ബസ്സുകളെയാണ് വിദ്യാർത്ഥികൾ കൂടുതലായി ആശ്രയിക്കുന്നത്. വളരെ തുച്ഛമായ തുകയാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നത്. അത് കോമ്പൻസേറ്റ് ചെയ്തുകൊടുക്കാൻ ഗവണ്മെന്റിന് കഴിയില്ല. ഓർഡിനറി ബസ്സുകളിലും ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളിലുമുള്ള നിരക്ക് ഏകീകരിച്ചുകൊണ്ട് ഫാസ്റ്റ് പാസ്സഞ്ചർ ഫെയർ സ്റ്റേജിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഫെയർ സ്റ്റേജ് സംബന്ധിച്ച കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ നിലവിലിരിക്കുന്ന ഫെയർ സ്റ്റേജ് നിലനിർത്തിക്കൊണ്ട് ബസ്ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശമാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്. നോട്ടിഫൈഡ് റൂട്ടിൽ കൂടുതൽ ബസ്സുകളിറക്കിയതിന്റെ ഭാഗമായി പെരിന്തൽമണ്ണ വളാഞ്ചേരി റൂട്ടിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാത്തതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഓർഡിനറി ബസ്സുകളിൽ പരമാവധി സ്ഥലത്ത് വിദ്യാർത്ഥികൾക്ക്

കൺസഷൻ കൊടുക്കുന്ന നയമാണ് ഗവണ്മെന്റിനുള്ളത്. കെ.എസ്.ആർ. ടി.സി.-യെ ശക്തിപ്പെടുത്തിക്കൊണ്ട് സർവ്വീസുകൾ വ്യാപിപ്പിക്കുന്ന തോടൊപ്പം ഗതാഗത ആവശ്യത്തിന്റെ 87 ശതമാനത്തോളം നിർവ്വഹിക്കുന്ന സ്വകാര്യ മേഖലയെക്കൂടി നിലനിർത്തുന്ന തരത്തിലുള്ള സമീപനമാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. ബസ് സ്റ്റോപ്പുകളിൽ സ്ക്രീനിംഗ് നടത്തി സ്വകാര്യ ബസ്സുകൾ വിദ്യാർത്ഥികളെ കയറ്റാതിരിക്കുന്ന പ്രവണത ഒരു കാര ണവശാലും ഗവണ്മെന്റ് പ്രോൽസാഹിപ്പിക്കുന്നതല്ലെന്നും അക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിനുത്തര മായി മന്ത്രി വ്യക്തമാക്കി.

25(*213) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ താഴെപ്പറ യുന്നവയാണെന്ന് സഭയെ അറിയിച്ചു.

റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക.

റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കു കയും നടപ്പിലാക്കുകയും ചെയ്യുക.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നട ത്തുന്ന എല്ലാ ഏജൻസികളുടേയും സർക്കാർ വകുപ്പുകളുടേയും പ്രവർത്തനം ഏകോപിപ്പിക്കുക.

റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

റോഡ് സുരക്ഷാ ഫണ്ടിന്റെ നടത്തിപ്പ്.

റോഡ് സുരക്ഷാ പദ്ധതികളും, പരിപാടികളും നടപ്പിൽ വരുത്തുന്ന തിനുള്ള ചെലവ് അനുവദിക്കുക.

റോഡ് സുരക്ഷാ പ്രോജക്ടുകൾക്കുവേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക.

ട്രോമ-കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.

അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാ പ്രവർത്തനങ്ങൾക്കായി സ്വയം സഹായസംഘങ്ങൾ രൂപീകരിക്കുക.

അതോറിറ്റിയും, അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗങ്ങൾ ചേർന്ന്, താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്.

ഓരോ ജില്ലയിലേയും റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ റോഡു സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ ജില്ലയിൽ നിന്നുമുള്ള റോഡ് സുരക്ഷാ വിദഗ്ദ്ധന്റെ പേര് കളക്ടർമാരിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കൗൺസിൽ ജില്ലാതലത്തിൽ രൂപീകരിക്കുന്നതാണ്.

റോഡുകളിലെ ബ്ളാക്ക് സ്പോട്ടുകൾ പരിഹരിക്കുക, അപകട സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ അതിനുള്ള കാരണം കണ്ടുപിടിച്ച് നിവാരണം നടത്തുക, ട്രാഫിക് ചിഹ്നങ്ങളും ലൈറ്റുകളും സ്ഥാപിക്കുക, വാഹന പരിശോധന കർശനമാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ഡ്രൈവിംഗ് ടെസ്റ്റിംഗ് കമ്പ്യൂട്ടർവൽക്കരിക്കുക, ഡ്രൈവർമാർക്കും മറ്റ് റോഡ് ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുക, അപകടമുണ്ടായാൽ ഉടനടി വൈദ്യസഹായമെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവയാണ് പരിഗണിച്ചു വരുന്നത്.

അതോറിറ്റിയുടെ തീരുമാനപ്രകാരം, ഗതാഗതം, പോലീസ്, ആരോഗ്യം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സമർപ്പിച്ച നടപ്പുപദ്ധതികൾ (Action Plan) എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിക്കുകയും, ആയത് വിശദമായി പഠിക്കാനും, ശുപാർശ നൽകാനും സയൻസ് ആന്റ് ടെക്നോളജി, പ്രിൻസിപ്പൽ സെക്രട്ടറി (Director, NATPAC) ചെയർമാനായ സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടു ലഭിക്കുന്നതോടെ എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് അതോറിറ്റിയ്ക്ക് നൽകുന്നതാണ്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ റഡാർ സർവെയിലൻസ് സിസ്റ്റം ഏർപ്പെടുത്താനും ആധുനിക രീതിയിലുള്ള ഡ്രൈവിംഗ് ടെസ്റ്റിംഗ് യാർഡുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

അശ്രദ്ധമായ ഡ്രൈവിംഗ് നിരുത്സാഹപ്പെടുത്തുന്നതിനായി മോട്ടോർ വാഹനചട്ടങ്ങളിലെ പിഴയായി ഈടാക്കുന്ന തുകകൾ വർദ്ധിപ്പിക്കാനും റോഡപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് /ക്യാൻസൽ ചെയ്യാനുള്ള നിയമ ഭേദഗതികൾ ശുപാർശ ചെയ്യാനുമുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

District Road Safety Council മുഖേന അതാത് ജില്ലകളിൽ ഉണ്ടാകുന്ന അപകടങ്ങൾ വിശകലനം ചെയ്യാനും അപകടഹേതു കണ്ടുപിടിച്ച് പരിഹാരമാർഗ്ഗം നിദ്ദേശിക്കാനും പദ്ധതിയുണ്ട്.

റോഡു സുരക്ഷാ അതോറിറ്റി, ആഭ്യന്തരം, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളുടെ മേലധികാരികൾ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഈ വകുപ്പുകളുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ അതോറിറ്റി വഴി സാധിക്കും. കൂടാതെ ഗതാഗത കമ്മീഷണറെ ഇപ്രകാരം ഏകോപിപ്പിക്കുന്നതിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുമുണ്ട്. 2008-09 വർഷത്തേയ്ക്ക് വിവിധ വകുപ്പുകൾ നടത്തേണ്ട പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ളാൻ അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത്, ആരോഗ്യം, ആഭ്യന്തരം, മോട്ടോർ വെഹിക്കിൾസ് എന്നീ വകുപ്പുകൾ സമർപ്പിച്ച ആക്ഷൻ പ്ലാൻ അതോറിറ്റിയുടെ സബ് കമ്മിറ്റി പരിശോധിച്ചുവരികയാണ്. പ്രസ്തുത കമ്മിറ്റി നിർദ്ദേശിക്കുന്ന ഇനങ്ങൾ അതോറിറ്റി അടിയന്തിരമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. റോഡപകടങ്ങൾ കൂടുതൽ സംഭവിക്കുന്ന സ്ഥലങ്ങൾ നിരീക്ഷിക്കുക, അവിടെ അപകടങ്ങൾക്കു കാരണമാകുന്ന ഘടകങ്ങൾ കണ്ടെത്താനുള്ള പഠനങ്ങൾ നടത്തുക, ആവശ്യമുള്ള

പരിഹാര മാർഗ്ഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലൂടെ നടപ്പാക്കുക എന്നിവ അതോറിറ്റിയുടെ അധികാരപരിധിയിലുള്ള കാര്യങ്ങളാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതാണ്. അലക്ഷ്യമായി വാഹനമോടിക്കുന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടാൽ ലൈസൻസ് സസ്പെൻഡ് ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ 400--ൽപ്പരം ലൈസൻസുകൾ അത്തരത്തിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റി ആക്ടിലെ പ്രൊവിഷൻ അനുസരിച്ച് പിരിച്ചെടുക്കുന്ന സെസ്സ് റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. പ്രസ്തുത തുക ഇപ്പോൾ ആറു കോടി കവിഞ്ഞിട്ടുണ്ട്. ട്രാഫിക് നിയമം ലംഘിക്കുന്നവരെ കണ്ടുപിടിക്കുന്നതിന്റെ ഭാഗമായി ഒന്നര കിലോമീറ്റർ അകലെയുള്ള വാഹനങ്ങൾ പോലും പരിശോധിക്കാനും അവ റെക്കാർഡ് ചെയ്യാനും കഴിയുന്ന ഇന്റർസെപ്റ്റർ എന്ന വാഹനം 35 ലക്ഷം രൂപ ചെലവിൽ സംസ്ഥാനത്ത് നിരത്തിലിറക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ചുകൊണ്ട് കൂടുതൽ ഇന്റർസെപ്റ്ററുകൾ വാങ്ങാൻ ആലോചിക്കുന്നുണ്ട്. അമിതവേഗത സാധ്യതയുള്ള റോഡുകളിൽ റഡാർ സർവെയിലൻസ് സിസ്റ്റം സ്ഥാപിക്കാനുള്ള നടപടികൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് ചെയ്യാനാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. ട്രാഫിക് ബോധവൽക്കരണത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും റോഡ് സേഫ്റ്റി ക്ലബ്ബുകൾ ആരംഭിക്കാനുള്ള നിർദ്ദേശം വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുമായി ചേർന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് ട്രാഫിക് നിയമങ്ങളിൽ ബോധവൽക്കരണമുണ്ടാക്കുന്നതിനുവേണ്ടി ട്രാഫിക് നിയമം പാഠ്യ

പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ പാഠ്യപദ്ധതി തന്നെ തയ്യാറാക്കുന്നതാണെന്ന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി അറിയിച്ചു. അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ടു വന്ന പുനർനിർമ്മാണത്തിന്റെ ഭാഗമായിട്ടാണ് എം.എൽ.എ ഹോസ്റ്റലിനു മുന്നിലെ തിരക്ക് വർദ്ധിച്ചതെന്നും അത് ഒഴിവാക്കാനായി എം.ജി. റോഡ് ഫോർലൈനാക്കി മാറ്റാൻ നടപടി സ്വീകരിച്ചുവരികയാണെന്നും മരാമത്ത് വകുപ്പുമന്ത്രി അറിയിച്ചു. അപകടത്തിൽപ്പെട്ട ആളുകളെ സഹായിക്കുന്നവർ നിയമക്കുരുക്കിൽപ്പെടുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ എല്ലാ നിർദ്ദേശങ്ങളും നൽകുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

26 (*214) <u>വില്ലേജ് ഓഫീസുകളിൽനിന്നും വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ.</u>

റവന്യു വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, നിലവിലുണ്ടായിരുന്ന നിയമപ്രകാരം വില്ലേജ്/താലൂക്ക് /ആർ. ഡി.ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുള്ളൂവെന്നും പൊതുജനങ്ങൾക്ക് ഇതുമൂലം പല പ്രാവാശ്യം വില്ലേജ്/താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിയിരുന്നുവെന്നും സഭയെ അറിയിച്ചു. ഇത് ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനുമായി വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ. ആഫീസുകളിൽനിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് സാധുത കാലയളവ്

ദീർഘിപ്പിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും 27-04-2007-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം സർട്ടിഫിക്കറ്റുകളും ഇപ്പോഴും പ്രത്യേക ആവശ്യത്തിന് മാത്രമായിട്ടാണ് നൽകിവരുന്നത്. സർട്ടിഫിക്കറ്റുകളുടെ സ്വഭാവവും തരവും അനുസരിച്ച് പ്രായോഗികതയും ഭരണപരമായ വസ്തുതകളും കണക്കിലെടുത്താണ് അപ്രകാരം ചെയ്തുവരുന്നത്. 01-10-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷാഫാറവും സർട്ടിഫിക്കറ്റുകളുടെ മാതൃകാ ഫോറവും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് വിവിധ പട്ടികജാതി, പട്ടികവർഗ്ഗ സംഘടനകളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികൾ പരിശോധിക്കുവാൻ ഗവൺമെന്റ് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നടപടിക്രമമനുസരിച്ചാണ് വില്ലേജാഫീസുകളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. ഒരു വ്യക്തിക്ക് വരുമാനം, ജാതി എന്നിവ തെളിയിക്കാനുള്ള ആധികാരികമായ രേഖകൾ കൊടുക്കാൻ നിലവിലുള്ള നിയമം ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച് ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. വില്ലേജാഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണ നടപടിക്രമങ്ങൾ ഇപ്പോൾ പകുതിയോളമായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ വില്ലേജാഫിസുകളും കളക്ടറേറ്റുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കമ്പ്യൂട്ടർവൽക്കരണ നടപടികൾ തുടരുകയാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 215 മുതൽ 240 വരെയുള്ള (26) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1673 മുതൽ 1918 വരെയുള്ള ചോദ്യങ്ങളിൽ 156 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)